"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ ആയ ശ്രീമതി.വാസന്തി.എം-ന് പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.306/2026/LSGD തീയതി,തിരുവനന്തപുരം, 05-02-2026

---

പരാമർശം:-

1. സ.ഉ (പി )112/2017/ധന തീയതി 24/08/2017.
2. ശ്രീമതി.വാസന്തി.എം. പാർട്ട് ടൈം സ്വീപ്പർ സമർപ്പിച്ച 15/06/2024-ലെ അപേക്ഷ.
3. ഇരിങ്ങാലക്കുട ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ 26/06/2024-ലെ എ-477/2024 നമ്പർ നടപടിക്രമം
4. തൃശ്ശൂർ ജില്ല ജോയിന്റ് ഡയറക്ടറുടെ 07/08/2024-ലെ LSGD/JD/TSR/6006/2024-A10 നമ്പർ നടപടിക്രമം
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 26/12/2025-ലെ LSGD/PD/ 17207/ 2025/DEF4 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ പാർട്ട്ടൈം സ്വീപ്പറായ ശ്രീമതി.വാസന്തി.എം-ന് 04/05/2024-ന് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ കാലിന് പൊട്ടൽ സംഭവിക്കുകയും തുടർന്ന് ഡോക്ടർ വിശ്രമം നിർദ്ദേശിക്കുകയും ചെയ്തതിനെ തുടർന്ന് പരാമർശം (2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയിൽ പരാമർശം (3) പ്രകാരം 06/05/2024 മുതൽ 26/05/2024 വരെ 21 ദിവസം ആർജ്ജിതാവധിയും പരാമർശം (4) പ്രകാരം 27/05/2024 മുതൽ 23/06/2024 വരെ 28 ദിവസം ശൂന്യവേതനാവധി(മെഡിക്കൽ സർട്ടിഫിക്കേറ്റിന്മേൽ)യും അനുവദിച്ചു. എന്നാൽ ഡ്യൂട്ടിയ്ക്ക് ഇടയിലാണ് കാലിന് പൊട്ടൽ സംഭവിച്ചത് എന്നതിനാൽ ശൂന്യവേതനാവധിയിലായിരുന്ന 27/05/ 2024 മുതൽ 23/06/2024 വരെയുള്ള 28 ദിവസം ടിയാൾക്ക് പ്രത്യേക അവശതാ അവധിയായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, തൃശ്ശൂർ ജില്ല ജോയിന്റ് ഡയറക്ടറും ശുപാർശ സഹിതം പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കുകയും പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ സഹിതം പ്രസ്തുത അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ആയ ശ്രീമതി. വാസന്തി. എം-ന്

പരാമർശം (4) പ്രകാരം അനുവദിച്ച 27/05/2024 മുതൽ 23/06/2024 വരെയുള്ള 28 ദിവസത്തെ ശൂന്യവേതനാവധി കെ. എസ്. ആർ ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാ അവധിയായി പരിവർത്തനം ചെയ്തുകൊണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1) ശ്രീമതി.വാസന്തി.എം, പാർട്ട് ടൈം സ്വീപ്പർ, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇരിങ്ങലക്കുട, തൃശ്ശൂർ ജില്ല
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6) ആഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 10-02-2026 14:08:49

സെക്ഷൻ ഓഫീസർ